സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. സ്വകാര്യ ബസുകളിൽ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. കെ. എസ്. ആർ. ടി. സി. ബസുകളിലും ഇക്കാര്യത്തിൽ ഉണ്ടാകുന്ന പരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

നദികളുടെ സംരക്ഷണത്തിന് നടപടി

12 (*133) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നദികളുടെ സംരക്ഷണത്തിനു വേണ്ടി ഒരു റിവർ മാനേജ്മെന്റ് സ്റ്റഡി ഗ്രൂപ്പിന് രൂപം നൽകാൻ ആലോചിക്കുമോ ;

(സി) നദികളിൽ നിന്നും അനധികൃതമായി മണൽവാരൽ നടത്തുന്നത് നിരോധിക്കാൻ സർക്കാർ കർശന നടപടി സ്വീകരിക്കുമോ ;

(ഡി) അനധികൃത മണൽവാരൽ മൂലം പാലങ്ങൾക്ക് ബലക്ഷയം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മണൽവാരൽ മൂലം നദികളുടെ ആഴം കുറയുകയും വെള്ളം കുറയുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) നദികളുടെ സംരക്ഷണത്തിനുവേണ്ടി ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ)

(എ&ബി) നദികളിൽ നിന്ന് അനധികൃതമായും അനിയന്ത്രിതമായും മണൽ വാരുന്നതുമൂലം പരിസ്ഥിതിക്കും നദികളുടെയും നദീതീരങ്ങളുടെയും സന്തുലനാവസ്ഥയ്ക്കും ഹാനി സംഭവിക്കുന്നതിനാൽ കേരളത്തിലെ പ്രധാനപ്പെട്ട ഒൻപതു നദികൾ ഏറ്റെടുക്കുകയും സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടു വരികയും ചെയ്തു. പിന്നീട് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സർക്കാർ സർക്കുലർ നമ്പർ 66221/പി1/97/റവന്യൂ തീയതി 5-1-1998 പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ കേരളത്തിലെ നദികളുടെ മൊത്തം സംരക്ഷണകാര്യങ്ങൾ പഠിക്കുവാൻ മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ കൺവീനറായി ഒരു സ്ഥിരം കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി നദികളെപ്പറ്റി പഠിക്കുകയും കാലാകാലങ്ങളിൽ സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനധികൃതമായി മണൽ വാരുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്ത് പ്രോസിക്യൂഷൻ നടപടികൾ എടുക്കാൻ വേണ്ട നിർദ്ദേശം പല കളക്ടർമാരും നൽകിയിട്ടുണ്ട്. പല ജില്ലകളിലും വിജിലൻസ് സ്കാഡുകൾ ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് സർക്കാർ ഭൂമി, കൃഷിത്തോട്ടം, എന്നിവ പാട്ടത്തിനു നൽകുന്ന പദ്ധതി

13 (*134) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി, കൃഷിത്തോട്ടം എന്നിവ പാട്ടത്തിനു നൽകുന്ന നടപടി തുടരുന്നുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര ഹെക്ടർ ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ ഭൂമിയും കൃഷിത്തോട്ടങ്ങളും പാട്ടത്തിനു നൽകുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് പാട്ടത്തിനു നൽകുന്ന ഭൂമി, കൃഷിത്തോട്ടം, എന്നിവയ്ക്ക് ഏർപ്പെടുത്തിയ പാട്ടത്തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള പാട്ടത്തുക വളരെ കുറഞ്ഞതാണെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകളിൽ പാട്ടത്തുക വർദ്ധിപ്പിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ജി) സർക്കാർ ഭൂമി, കൃഷിത്തോട്ടം എന്നിവ പാട്ടത്തിന് നൽകുന്നതിന് പുതിയൊരു നയം സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) പാട്ടത്തിനെടുത്തും, അനധികൃതമായി കയ്യേറിയും സർക്കാർ ഭൂമി വർഷങ്ങളോളം കൈവശം വച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ ഉടമകളെ നിയന്ത്രിക്കുന്നതിനും ഭൂമി തിരിച്ചു പിടിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly